RCS/1384/2025-CB(1)

**സഹകരണ സംഘം രജിസ്ട്രാർ ആഫീസ്**
**ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ**
**തിരുവനന്തപുരം-695014**
**Website: cooperation.kerala.gov.in**
**Email: keralarcs.coop@kerala.gov.in**
**Tel: 0471-2330825**
**തീയതി:12/03/2025**

## <u>സർക്കുലർ നമ്പർ. 11/2025</u>

വിഷയം: സഹകരണ വകുപ്പ്- സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് 45-ാമത് നിക്ഷേപസമാഹരണ ക്യാമ്പയിൻ കാലയളവിൽ നൽകാവുന്ന പരമാവധി പലിശനിരക്ക് നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം: 1).സഹകരണ സംഘം രജിസ്ട്രാറുടെ 04/03/2025 തീയതിയിലെ 9/2025 നമ്പർ സർക്കുലർ.
2).സഹകരണ സംഘം രജിസ്ട്രാറുടെ 05/03/2025 തീയതിയിലെ 10/2025 നമ്പർ സർക്കുലർ.

"സംസ്ഥാനത്തിന്റെ വികസനം സഹകരണ മേഖലയിലൂടെ" എന്ന മുദ്രാവാക്യം മുൻനിർത്തി 2025 മാർച്ച് 5 മുതൽ 2025 ഏപ്രിൽ 3 വരെ സംസ്ഥാനത്ത് 45-ാമത് നിക്ഷേപസമാഹരണ ക്യാമ്പയിൻ നടത്തുന്നതിനായി നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലയളവിൽ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, മിസലേനിയസ് സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം സർക്കുലർ തിയതി മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സഹകരണ സംഘങ്ങൾ, മിസലേനിയസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. | |
|---|---|---|---|
| | | 9/2025 നമ്പർ സർക്കുലർ പ്രകാരം നിലവിലുള്ളത് | നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലയളവിൽ നൽകാവുന്ന പലിശ |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 6.25 | 6.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.75 | 6.75 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7.25 | 7.25 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.75 | 7.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 8.00 | 8.50 |
| 6. | 2 വർഷവും അതിനു മുകളിലും | 8.00 | 8.75 |

മേൽ നിരക്കുകൾക്ക് പുറമേ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി ½ ശതമാനം നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

പരാമർശം (2) പ്രകാരമുള്ള നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലയളവിൽ മേൽ നിരക്കുകൾ നൽകാവുന്നതും, ആയതിനു ശേഷം 9/2025 നമ്പർ സർക്കുലർ പ്രകാരമുള്ള പലിശ നിരക്ക് പുനസ്ഥാപിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**ഡോ.ഡി. സജിത് ബാബു ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്:**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,

2. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
3. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും, ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും.
5. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർമാർ കേരള സംസ്ഥാന സഹകരണ ബാങ്ക്.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ് )മുഖേന
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന
9. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.
10. എഡിറ്റർ, സഹകരണവീഥി
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. സ്റ്റോക്ക് ഫയൽ
13. പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ വഴി പ്രസിദ്ധീകരണത്തിന്
14. സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രഡിറ്റ്-II)